കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ആസ്തി രജിസ്റ്റർ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ (സാധാ)നം: 59/2012/തസ്വഭവ          തിരുവനന്തപുരം, തീയതി: 6/1/2012

---

പരാമർശം:- 1. സർക്കുലർ നം.55178/എഫ്എം3/08/തസ്വഭവ തീയതി 24/8/08.

2. സർക്കുലർ നം. 58608/ഡിബി2/09/തസ്വഭവ തീയതി 13/1/2010.

3. 13/10/11-ലെ 50412/ഡിബി2/11/തസ്വഭവ നമ്പർ സർക്കുലർ.

4. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 7/12/11-ലെ സി.ഇ.പി.എഫ്/ഡിബി1/സിഇ/തസ്വഭവ. 2011 നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്റർ കുറ്റമറ്റരീതിയിൽ നിശ്ചിതസമയത്തിനുള്ളിൽ പൂർത്തിയാക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരാമർശം (3) സർക്കുലർ പ്രകാരം നൽകിയിരുന്നുവെങ്കിലും ആവശ്യമായ ജീവനക്കാരുടെ അഭാവവും പദ്ധതി നടത്തിപ്പ് പ്രവർത്തികൾ മൂലമുണ്ടാകുന്ന പ്രയാസവും കാരണം ആയത് പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല എന്നും ആയതിനാൽ ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും ഒന്നോ/രണ്ടോ ഐ.ടി.ഐ സിവിൽ/സിവിൽ ഡിപ്ലോമ ഉള്ള വ്യക്തികളെ 400/- രൂപ ദിവസ വേതനത്തിൽ നിയമിച്ച് രജിസ്റ്റർ തയ്യാറാക്കാൻ ആവശ്യമായ അനുമതി നൽകണമെന്ന് തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ പരാമർശം (4) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നിലവിൽ ആസ്തി രജിസ്റ്റർ സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും ജനുവരി 20 - നകം പ്രസ്തുത രജിസ്റ്റർ കുറ്റമറ്റരീതിയിൽ തയ്യാറാക്കി ഇ-കോപ്പി ഇൻഫർമേഷൻ കേരള മിഷന് ലഭ്യമാക്കേണ്ടതും വിവരം വകുപ്പ് മേധാവികളെ അറിയിക്കേണ്ടതുമാണ്. ജനുവരി 25-നകം ഇത് സംബന്ധിച്ച റിപ്പോർട്ട് വകുപ്പ് മേധാവികളും ജില്ലാപഞ്ചായത്ത് സെക്രട്ടറിമാരും സർക്കാരിന് ലഭ്യമാക്കേണ്ടതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ, സെക്രട്ടറി എന്നിവരുടെ നേരിട്ടുള്ള നിയന്ത്രണത്തിലും ഉത്തരവാദിത്വത്തിലും കൃത്യമായ ആസ്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. പ്രസ്തുത ആവശ്യത്തിലേയ്ക്കായി ആവശ്യമുള്ള പക്ഷം യോഗ്യരായ ഒന്നോ രണ്ടോ പേരെ (ഐ.ടി.ഐ സിവിൽ/ സിവിൽ ഡിപ്ലോമ യോഗ്യതയുള്ളവരെ) ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക്

അനുമതി നൽകുന്നതോടൊപ്പം അപ്രകാരം നിയമിക്കപ്പെടുന്നവർക്ക് 400/- രൂപ ദിവസ വേതനം നൽകാവുന്നതും ടി തുക, പരാമർശം (3) സർക്കുലർ പ്രകാരം ചെലവഴിക്കുന്നതിന് അനുമതി നൽകിയതനുസരിച്ച്, തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്ന് വഹിക്കാവുന്നതാണെന്നും നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ജെയിംസ് വർഗ്ഗീസ്
ഗവ. പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും
(ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എല്ലാ തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീയർമാർക്കും
(തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖാന്തിരം)
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ് :

തദ്ദേശസ്വയംഭരണ (നഗരകാര്യ) വകുപ്പ് മന്ത്രിയുടെ പി.എസ്
തദ്ദേശസ്വയംഭരണ (പഞ്ചായത്ത്) വകുപ്പ് മന്ത്രിയുടെ പി.എസ്
തദ്ദേശസ്വയംഭരണ (ഗ്രാമവികസന) വകുപ്പ് മന്ത്രിയുടെ പി.എസ്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ